**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1126** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്ത് റോഡുകളുടെ റിസ്റ്റോറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടുന്നതിന് കട്ട് ചെയ്ത റോഡുകളുടെ റിസ്റ്റോറേഷൻ നടത്തുന്നതിൽ കാലതാമസം വരുത്തുന്നത് പ്രാദേശികതലത്തിൽ വലിയ പ്രതിസന്ധികൾക്കിടയാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് നടപ്പിലാക്കുന്നത്. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്.<br><br>നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി.<br><br>പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 08.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അനുമതി ലഭിച്ച പ്രവൃത്തികൾ കരാറുകളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. ജൽജീവൻ മിഷൻ ഫണ്ടിലെ ലഭ്യത കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നേരിട്ട് പ്രവൃത്തികൾ നടത്തുവാൻ തയ്യാറാവുന്ന സ്ഥലങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ജൽജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭിച്ച തുക ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. |
| (സി) | ഗ്രാമപഞ്ചായത്ത് റോഡുകളുടെ റിസ്റ്റോറേഷൻ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനും ആയതിനുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാവുമോ? | (സി) | ജൽ ജീവൻ മിഷൻ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് നടപ്പിലാക്കുന്നത്. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്.<br><br>നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി.<br><br>പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 08.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അനുമതി ലഭിച്ച പ്രവൃത്തികൾ കരാറുകളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. ജൽജീവൻ മിഷൻ ഫണ്ടിലെ ലഭ്യത കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നേരിട്ട് പ്രവൃത്തികൾ നടത്തുവാൻ തയ്യാറാവുന്ന |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ജൽജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭിച്ച തുക ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ